പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 706

07.01.2014 ൽ
മറുപടിയ്ക്ക്

## ഐ.ടി. മിഷന്റെ നേതൃത്വത്തിൽ സ്വയം സംരംഭക പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. വാഹീദ് ;<br>ശ്രീ. ലൂഡി ലൂയിസ് ;<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി;<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ഐ.ടി. മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സ്വയം സംരംഭക പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ, ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;<br><br>(സി) തൊഴിലന്വേഷകരായ വിദ്യാർത്ഥികളേയും യുവജനങ്ങളെയും തൊഴിലുടമകളായി മാറ്റുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ: | (ബി) യും (സി) യും<br><br>സാമ്പത്തിക ആനുകൂല്യങ്ങൾ കമ്പനികൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടി കേരള സ്റ്റേറ്റ് ഐ.ടി. മിഷനിൽ ഒരു പ്രത്യേക ഇൻവെസ്റ്റ്മെന്റ് ആന്റ് പ്രൊമോഷണൽ മാനേജ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റ്മെന്റ് ആന്റ് പ്രൊമോഷൻ മാനേജ്മെന്റ് സെല്ലിലൂടെ പ്രധാനമായും സ്റ്റാൻഡേർഡ് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയാണ് നൽകിവരുന്നത്. ഐ.ടി. മിഷൻ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്ന സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി രണ്ട് രീതിയിലാണ് ലഭ്യമാകുന്നത്.<br><br>1. തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകൾ ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനികൾക്ക് 15 ലക്ഷം രൂപ വരെ ആനുകൂല്യം നൽകി വരുന്നതാണ്. Fixed capital investment ന്റെ 30% എന്ന നിരക്കിലാണ് ഈ ആനുകൂല്യം നൽകുന്നത്.<br><br>2. മറ്റ് ജില്ലകളിൽ പ്രവർത്തിക്കുന്ന കമ്പനികൾക്ക് 25 ലക്ഷം രൂപ അഥവാ fixed capital investment ന്റെ 40% എന്ന നിരക്കിലാണ് ആനുകൂല്യം നൽകുന്നത്.<br><br>അഭ്യസ്ത വിദ്യരായ യുവജനങ്ങൾ തൊഴിലന്വേഷകരാകാതെ തൊഴിൽ ദായകർ ആകുന്നതിന് പ്രോത്സാഹനം നൽകുന്നതിനുവേണ്ടി ഈ പദ്ധതിയിൽ ധനസഹായവും Technology Development fund ഉം ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ബഡ്ജറ്റിന്റെ നിശ്ചിത ശതമാനം പ്രസ്തുത പദ്ധതിക്കായി നൽകുന്ന കാര്യം പരിഗണിക്കുമോ; | ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| ഇ) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട പരിപാടികളുടെ പ്രചാരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ? | ഇ) | ഈ പദ്ധതിയുടെ നടത്തിപ്പിനായി ഐ.ടി. മിഷൻ IPMC എന്ന പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. സംരംഭകർക്ക് ഈ പോർട്ടൽ വഴി IPMC യിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാണ്. കൂടാതെ Technopark, Infopark, Kinfra, KSIDC മുതലായ സ്ഥാപനങ്ങളെ IPMC യുടെ administrator ആയി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ